പുളിമാടിൽനിന്ന് ലഭിക്കുന്ന 72 ദശലക്ഷം ജലവുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ജിക്ക പദ്ധതി പ്രദേശത്ത് ശുദ്ധജലവിതരണം നടത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മാവൂർ പുളിമാട്ടുള്ള ശുദ്ധീകരണശാലയുടെയും പൈപ്പ് ലൈനുകളുടെയും മറ്റും പുനരുദ്ധാരണ പ്രവൃത്തിയും ജിക്കാ പദ്ധതിയുടെ ഭാഗമായി പൂർത്തിയായിവരുന്നു. മേൽപ്പറഞ്ഞ 246 എം.എൽ.ഡി. വെള്ളത്തിന്റെ ആവശ്യം 2030-ലേയ്ക്കുള്ളതാണ്. ഇപ്പോൾ ഏതാണ്ട് 110 എം.എൽ.ഡി. വെള്ളമാണ് ഉപയോഗിക്കുന്നത്. മാവൂരിലെ പ്ലാന്റിൽനിന്ന് മാവൂർ, ചാത്തമംഗലം പഞ്ചായത്തുകളിലേയ്ക്ക് വെള്ളം നൽകാനുള്ള സാധ്യതാ പഠനത്തിനുള്ള നിർദ്ദേശം കൊടുത്തെങ്കിലും അത് പൂർത്തിയായിട്ടില്ല. ഈ പഠനം ഒരു മാസത്തിനുള്ളിൽ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

15. പരീക്ഷാ നടത്തിപ്പ്

<u>ശ്രീ. രാജു എബ്രഹാം:</u> സർ, സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് പരീക്ഷ അനിശ്ചിതമായി നീട്ടിവയ്ക്കാൻ വേണ്ടിയുള്ള നടപടിക്ക് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്നലെ ഇതുസംബന്ധിച്ച് തീരുമാനമെടുത്തുവെങ്കിലും തീയതി വ്യക്തമാക്കിയിട്ടില്ല. അത് സംബന്ധിച്ച തീയതി വ്യക്തമാക്കണം. സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനം നവീകരിക്കപ്പെടുന്നില്ലായെന്നും നിലവാരമില്ലായെന്നുമുള്ള ആശങ്കയുണ്ട്. അന്യസംസ്ഥാനങ്ങളിലേയ്ക്ക് കുട്ടികൾ ചേക്കേറുന്നുണ്ട്. സ്വന്തമായി ഒരു സോഫ്റ്റ്വെയർ പോലും ഉണ്ടാക്കാത്ത സാങ്കേതിക സർവ്വകലാശാല നമുക്ക് നാണക്കേടാണ്. സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാതെ സാങ്കേതിക സർവ്വകലാശാലതന്നെ സോഫ്റ്റ്വെയർ വികസിപ്പിച്ച് പരീക്ഷയുടെ തീയതി പ്രഖ്യാപിക്കാൻ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയുടെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷകൾ ഓൺലൈൻ സംവിധാനത്തിൽ 2015 ഡിസംബർ 4-ന് നടത്തുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഓൺലൈൻ സംവിധാനത്തെ സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളിൽനിന്ന് എതിർപ്പുകൾ ഉയർന്നതിനെ തുടർന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 2015 ഡിസംബർ 7-ാം തീയതി 3 മണിക്ക് അദ്ധ്യാപക-വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ഉന്നത

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. ഈ യോഗ തീരുമാനപ്രകാരം ക്രിസ്തുമസ് അവധി കഴിഞ്ഞാലുടൻ മറ്റ് സംസ്ഥാനങ്ങളിൽ കാലങ്ങളായി അനുവർത്തിച്ച് വരുന്നതുപോലെ ഒന്നാം സെമസ്റ്റർ എഞ്ചിനീയറിംഗ് പരീക്ഷ നടത്തുന്നതിന് ധാരണയായിട്ടുണ്ട്. അതേസമയം സർക്കാർ/യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് ഓൺലൈൻ പരീക്ഷ നടത്താൻ തടസ്സമില്ലെന്നും സ്വകാര്യ ഏജൻസിവഴിയുള്ള ഓൺലൈൻ പരീക്ഷാ നടത്തിപ്പ് സ്വീകാര്യമല്ലെന്നും വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ ഒരുപോലെ പ്രസ്തുത യോഗത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലതന്നെ ഒരു സോഫ്റ്റ്വെയർ അടിയന്തരമായി വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

16. സ്മാരക മന്ദിരം നിർമ്മിക്കൽ

<u>ശ്രീ. വർക്കല കഹാർ</u>: സർ, മഹാത്മാജി ശിവഗിരിയിലെത്തി ശ്രീനാരായണ ഗുരുദേവനുമായി ആശയവിനിമയം നടത്തിയത് നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. ശിവഗിരിയിലെ വനജാക്ഷി മന്ദിരത്തിൽവച്ചാണ് ആ കൂടിക്കാഴ്ചയുണ്ടായത്. വനജാക്ഷി മന്ദിരം ഗാന്ധിജിയുടെ സന്ദർശനത്തിനുശേഷം ഗാന്ധി ആശ്രമമെന്ന പേരിലും അറിയപ്പെടുന്നു. രണ്ട് മഹാത്മാക്കളുടെ സമാഗമം വിലപ്പെട്ട ഏടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇരുവരും ചേർന്ന് നടത്തിയ ആശയ സംവാദം നമ്മുടെ ദേശീയ സാമൂഹിക ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. പിൽക്കാലത്ത് ഭാരതീയ സാമൂഹികനിലയുടെ ഗതിവിഗതികളിൽ ആ സന്ദർശനം വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. അവരുടെ ആശയ വിനിമയം നടന്ന പ്രദേശം ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന രീതിയിൽ ദേശീയ സ്മാരകമായി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, 1925 മാർച്ച് 12-ാം തീയതി ഗാന്ധിജി ശിവഗിരിയിലെത്തുകയും വനജാക്ഷി മന്ദിരത്തിൽവച്ച് ഗുരുദേവനുമായി ചർച്ച നടത്തുകയുമുണ്ടായി. ഗുരുദേവൻ താമസിച്ചിരുന്ന വൈദ്യമഠത്തിലാണ് അന്ന് ഗാന്ധിജി അന്തിയുറങ്ങിയത്. 13-ാം തീയതി അദ്ദേഹം വനജാക്ഷി മന്ദിരത്തിന്

LIBRARY ARCHIVES Kerala Legislative Assembly